ളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുപോലും അവരുടെ വള്ളങ്ങൾ അടുപ്പിക്കുന്നതിനും മത്സ്യം കരയ്ക്ക് അടുപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങളില്ല. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ സംഘടനകൾ നിരവധിതവണ ഗവൺമെന്റിനെ സമീപിച്ച് ഇക്കാര്യം ആവശ്യപ്പെടുകയുണ്ടായി. മത്സ്യത്തൊഴിലാളികൾ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങൾക്കടുത്ത് കടൽ പ്രദേശങ്ങളിൽ ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി : (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി മത്സ്യമേഖലയിലെ വിവിധ വികസന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. അവയിൽ ചില പദ്ധതികൾക്ക് കഴിഞ്ഞമാസംതന്നെ അംഗീകാരം കിട്ടിയിട്ടുണ്ട്. പരമ്പരാഗതമേഖലയിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന പദ്ധതികളിൽ നാല് ഫിഷ് ലാന്റിംഗ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇവയ്ക്ക് 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതാണ്. കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 28.42 ലക്ഷം രൂപ ചെലവിലും കോഴിക്കോട് ജില്ലയിലെ തിക്കോടിയിൽ 49.25 ലക്ഷം രൂപ ചെലവിലും തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ 26.99 ലക്ഷം രൂപ ചെലവിലും പത്തനംതിട്ട ജില്ലയിലെ കടപ്രയിൽ 18.52 ലക്ഷം രൂപ ചെലവിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കാൻവേണ്ടി ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷംരൂപയുടെ പദ്ധതികൾക്ക് മാർച്ച് 24-ാം തീയതി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായത്തോടെ മൽസ്യഫെഡ്‌വഴി ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ ഗ്രാന്റിനും അപേക്ഷിച്ചിരുന്നു. ഇതിൽ 80 ബൂത്തുകൾ തുടങ്ങുന്നതിന് ഒരു കോടി എട്ടുലക്ഷം രൂപ ഗ്രാന്റായി കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിവഴി മത്സ്യമാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് 399 ലക്ഷം രൂപ എൻ.സി.ഡി.സി. അനുവദിച്ചിട്ടുണ്ട്. ഇതിൽ 143.50 ലക്ഷം രൂപ ചെലവിൽ 100 ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് ഭക്ഷ്യസംസ്ക്കരണ മന്ത്രാലയം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 180 ഫിഷ് ബൂത്തുകൾ തുടങ്ങുന്നതിന് രണ്ടു കോടി അൻപത്തിയൊന്ന് ലക്ഷം രൂപ കേന്ദ്രത്തിൽനിന്ന് ഗ്രാന്റായി ലഭിക്കുന്നതാണ്. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങൾ കണ്ടുപിടിക്കാനായി രൂപം നൽകിയിട്ടുള്ള അലങ്കാര മൽസ്യക്കൃഷി പദ്ധതിക്ക് കേന്ദ്ര വനിതാശിശുക്ഷേമവകുപ്പിൽ നിന്നും 48 ലക്ഷം രൂപ ഗ്രാന്റായി കിട്ടിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്കും എൻ.സി.ഡി.സി. സഹായം അനുവദിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇത്രയും പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്.

(13) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : കൃഷി വകുപ്പ്, ഇറിഗേഷൻ വകുപ്പ്, ജനകീയാസൂത്രണപദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ലിഫ്റ്റ് ഇറിഗേഷൻപദ്ധതികളെ സംബന്ധിച്ച ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ചേർപ്പ് നിയോജകമണ്ഡലത്തിലെ പൂത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നീണ്ട പത്തുവർഷത്തെ കാത്തിരിപ്പിനുശേഷം പൂർത്തിയായി, എന്നാൽ ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകൊണ്ട് അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഒ.വൈ.ഇ.സി അനുസരിച്ചുള്ള തുകയും മിനിമം ഗ്യാരന്റിയും അടച്ചാലേ കണക്ഷൻ നൽകുകയുള്ളുവെന്നാണ് കെ.എസ്.ഇ.ബി പറയുന്നത്. അതിന് രണ്ടുലക്ഷം രൂപ വേണ്ടിവരും. അത് അടയ്ക്കാൻ പണമില്ലെന്നും അതിന് വകുപ്പില്ലെന്നുമാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നിലപാട്. സംസ്ഥാനത്ത് ഇതുപോലെ പല പദ്ധതികളും പണി പൂർത്തിയായിട്ടും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്നുള്ള സ്ഥിതിവിശേഷമുണ്ട്. ചേർപ്പ് നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ നല്ല നിലയിൽ കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച ചൊവ്വൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് മിനിമം ഗ്യാരന്റിപ്രകാരം ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കാൻ കഴിയുന്നില്ല. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ കേവലം മൂന്നുമാസം മുതൽ അഞ്ചുമാസം വരെയാണ് പമ്പിംഗ് നടക്കുന്നത്. ആ സമയത്തെ കറന്റ് ചാർജ്ജ് ഈടാക്കുന്നതിനുപകരമായി ഇലക്ട്രിസിറ്റി ബോർഡിന്റെ നിലവിലുള്ള നിയമപ്രകാരം മിനിമം ചാർജ് കണക്കാക്കി 12 മാസവും ഇതേ ചാർജ് അവർ അടയ്ക്കേണ്ടിവരുന്നു. അതായത് പമ്പിംഗ് നടക്കാത്ത ഏഴും എട്ടും മാസവും കറന്റ് ചാർജ് അടയ്ക്കേണ്ടതുണ്ട്. കേരളത്തിൽ രണ്ട് ഹെക്ടറിൽ കുറവുള്ള എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമാണ്. എന്നാൽ അതിലും കുറവ് ഭൂമിയുള്ള ചെറുകിട കൃഷിക്കാർ ഉപയോഗിക്കുന്ന ഇറിഗേഷൻ പദ്ധതിയിലെ ഗുണഭോക്താക്കളായ നാമമാത്ര കർഷകർക്ക് ഇപ്പോഴത്തെ സ്ഥിതിയിൽ വൈദ്യുതി ചാർജ് കൊടുക്കണം. എന്നുമാത്രമല്ല, ഉപയോഗിച്ചതിനേക്കാളും അഞ്ചും ആറും ഇരട്ടി കൊടുക്കേണ്ടതായിട്ടും വരുന്നു. അതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഒ.വൈ.ഇ.സി അനുസരിച്ചുള്ള തുക അടയ്ക്കാതെതന്നെ മുൻഗണനാക്രമത്തിൽ ഇലക്ട്രിസിറ്റി കണക്ഷൻ നൽകാനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ അവർ ഉപയോഗിച്ച കറന്റിനുള്ള ചാർജ്ജുമാത്രം സൗജന്യനിരക്കിൽ ഈടാക്കാനുള്ള നടപടിയുമുണ്ടാകണം. സംഖ്യ അടയ്ക്കാൻ വൈകുന്നതിന് ഈടാക്കുന്ന പെനാലിറ്റിയും പിഴപ്പലിശയും ഒഴിവാക്കണം. അതുപോലെതന്നെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രദേശത്തെ നാമമാത്ര കർഷകർക്ക് ഇലക്ട്രിസിറ്റി പൂർണ്ണമായും സൗജന്യമായി നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഒ.വൈ.ഇ.സി ബാധകമാക്കാതെ അഗ്രികൾച്ചറൽ വൈദ്യുതി കണക്ഷനായി പരിഗണിച്ച് കണക്ഷൻ നൽകുന്നതിനു വൈദ്യുതി ബോർഡ് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ കണക്ഷനുള്ള എസ്റ്റിമേറ്റ് തുക 20,000 രൂപയിൽ കവിയുന്നില്ലെങ്കിൽ മിനിമം ഗ്യാരന്റി അടയ്ക്കേണ്ടതില്ല. 20,000 രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വർക്കിന് 20,000 രൂപ കഴിച്ച് ബാക്കി തുകയ്ക്കു മാത്രം മിനിമം ഗ്യാരന്റി നൽകിയാൽ മതി. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പ്രധാനമായും വൈദ്യുതി ഉപയോഗം നാലുമാസം മാത്രമാണെങ്കിലും അത്രയും മാസത്തെ തുക ഒരു വർഷത്തേതായി കണക്കാക്കും. അതായത് നാല് മാസമേ ഉപയോഗിച്ചിട്ടുള്ളുവെങ്കിലും ഒരു വർഷമായി കണക്കാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഒരു മാസത്തെ ശരാശരി ഉപയോഗത്തിന് പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് നൽകുകയാണ് പതിവ്. അതിനാൽ ഉപഭോക്താവ് കൂടുതൽ തുക അടയ്ക്കേണ്ടിവരുന്നില്ല. ചേർപ്പ് മണ്ഡലത്തിൽ ചൊവ്വൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 26.2.98-ൽ മിനിമം ഗ്യാരന്റി വ്യവസ്ഥയിലാണ് കണക്ഷൻ നൽകിയിട്ടുള്ളത്. മിനിമം ഗ്യാരന്റി തുക 3263 രൂപ 33 പൈസയാണ്. ഫിക്സഡ് ചാർജ് 247.05 രൂപയുമാണ്. ചേർപ്പ്-കുത്താറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 570 രൂപയാണ് അടയ്ക്കേണ്ടത്. വൈദ്യുതി ചാർജ് മിനിമം ഗ്യാരന്റി തുകയേക്കാൾ കൂടുതലാണെങ്കിൽ മിനിമം ഗ്യാരന്റിയും വൈദ്യുതി ചാർജും ഒരുമിച്ച് അടയ്ക്കേണ്ടതില്ല. ചാർജുമാത്രം നൽകിയാൽ മതിയാകുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

14. വണ്ടൂർ മണ്ഡലത്തിലെ കുടിവെള്ളപ്രശ്നം

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി വണ്ടൂർ നിയോജകമണ്ഡലത്തിൽ നടക്കുന്ന കുടിവെള്ള പദ്ധതിയുടെ സ്കീം തയ്യാറാക്കിയിട്ട് നാലു കൊല്ലമായി, ഗ്രാമപഞ്ചായത്തുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടുകൂടി സമഗ്രമായ ഒരു സർവ്വേ സംഘടിപ്പിച്ച് 9 പഞ്ചായത്തുകൾക്കാണ് അതിന്റെ സ്കീം തയ്യാറാക്കിയിട്ടുള്ളത്. സ്കീം തയ്യാറാക്കിയെങ്കിലും ഇതുവരെയും അതിന്റെ പ്രവർത്തനം നടന്നിട്ടില്ല. ഇപ്പോൾ ആ പ്രവർത്തനം എവിടെ നിൽക്കുന്നുവെന്നുള്ള യാതൊരു അറിവുമില്ല. അതിനെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് അടിയന്തിരമായി ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി ഒരു സംവിധാനമുണ്ടാകണം. അതുമാത്രമല്ല, വണ്ടൂർ വാട്ടർ സപ്ലൈ സ്കീം എന്ന ഒരു പദ്ധതി നിലവിലുണ്ട്. അതിന്റെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ഏകദേശം നാല് പഞ്ചായത്തുകളിലേയ്ക്ക് വെള്ളം കൊടുക്കേണ്ട ടാങ്കാണ്. അതിനുവേണ്ട കപ്പാസിറ്റി ടാങ്കിന് ഇല്ല. ഈ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിക്ക് പല പ്രാവശ്യം പരാതികൊടുത്തു. ചീഫ് എഞ്ചിനീയർ പോയി നോക്കി. ഇതുവരെ അതിന്റെ പ്രവർത്തനം നടന്നില്ല. അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ചെങ്കിലേ ഇന്നത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയൂ. സൗജന്യമായി സ്ഥലം കൊടുക്കുന്നതിന് നാട്ടുകാർ തയ്യാറായിട്ടുണ്ട്. 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ എല്ലാ ഏർപ്പാടുകളും നടത്തിയിട്ടുണ്ട്. ഇതുവരെയും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇന്നലെ അൺസ്റ്റാർഡ് ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്ന് കിട്ടിയ മറുപടി, അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുവെന്നാണ്. അങ്ങനെയൊരു സംവിധാനവും അവിടെ ഇല്ല. അതുകൊണ്ട് അതിനെസംബന്ധിച്ച് അടിയന്തിരമായി തീരുമാനമുണ്ടാകണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, നോട്ടീസിൽ അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. നബാർഡിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതിയെന്നാണ് പറഞ്ഞിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : എന്നാൽ അത് നോക്കിയിട്ട് മറുപടി ബഹുമാനപ്പെട്ട എൻ. കണ്ണനെ അറിയിച്ചാൽ മതി.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഈ സബ്മിഷനുള്ള മറുപടി ബഹുമാനപ്പെട്ട മെമ്പറെ രേഖാമൂലം അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly